LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകൾ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ 3800 ബസ്സുകളും കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ബാക്കിയുള്ള ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. മേൽ പ്രതിപാദിച്ച ചെലവ് ചുരുക്കലിന്റെ ഭാഗമായി കാലപ്പഴക്കംചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ഉള്ളതുമായ 12 ബസ്സുകൾ ഹരിപ്പാട് യൂണിറ്റിൽ നിന്നും സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. ഹരിപ്പാട് ഡിപ്പോയിൽ സർവ്വീസിന് കൂടുതൽ ബസ്സുകൾ ആവശ്യമുള്ള സാഹചര്യം വരുമ്പോൾ ജില്ലാ പൂളിൽനിന്നും അനുവദിച്ച് നൽകുന്നതാണ്.

(സി) ഇതിന്റെ ഫലമായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ്-19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോവിഡ്-19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

തിരുവനന്തപുരം-മറയൂർ സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി

259(1244) ശ്രീ. എ. രാജ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മറയൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ;

(ബി) മറയൂരിൽനിന്നും കാന്തല്ലൂരിലേയ്ക്ക് പ്രസ്തുത സർവ്വീസ് നീട്ടുന്നതിനെ സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(സി) സർവ്വീസ് നടത്തുന്ന ജീവനക്കാർക്ക് മറയൂരിൽ താമസ സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം - മറയൂർ കെ.എസ്.ആർ.ടി.സി സർവ്വീസ് കാന്തല്ലൂർ വരെ ദീർഘിപ്പിച്ചുകൊണ്ട് 19-7-2021 മുതൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ജീവനക്കാർക്ക് കാന്തല്ലൂരിൽ താമസസൗകര്യം ലഭ്യമാണ്.

ഈരാറ്റുപേട്ട ഡിപ്പോയിൽനിന്നും പിൻവലിച്ച ബസ്സുകൾ തിരികെ എത്തിക്കാൻ നടപടി

260(1245) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ബസ്സുകളാണ് സർവീസ് നടത്തുന്നത്; വ്യക്തമാക്കാമോ;

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ 34 ബസ്സുകളാണ് സർവീസ് നടത്തുന്നത്.

(ബി) ഈരാറ്റുപേട്ട ഡിപ്പോയിൽനിന്നും ബസ്സുകൾ മറ്റ ഡിപ്പോകളിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കോർപ്പറേഷന്റെ ആകെയുള്ള 6185 ബസ്സുകൾ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ 3800 ബസ്സുകളും കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും, ബാക്കിയുള്ള ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുള്ളതുമാണ്. മേൽ പ്രതിപാദിച്ച ചെലവ് ചുരുക്കലിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ഉള്ളതുമായ 3 ബസ്സുകൾ ഈരാറ്റുപേട്ട യൂണിറ്റിൽനിന്നും സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുമുണ്ട്.

(സി) മറ്റ ഡിപ്പോകളിലേയ്ക്ക് ബസ്സുകൾ മാറ്റുന്നതുമൂലം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൊതുഗതാഗത സംവിധാനത്തെ ബാധിക്കുകയും യാത്രാക്ലേശം അതിരൂക്ഷമാവുകയും ചെയ്യുമെന്നതിനാൽ ബസ്സുകൾ പിൻവലിച്ച നടപടി മരവിപ്പിച്ച് ബസുകൾ തിരികെ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly